**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4207** **28-06-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി മൂന്നാം ഘട്ടത്തിൽ ശാസ്ത്രീയമായ രീതിയിൽ മാലിന്യ സംസ്കരണം നടത്തുന്നതിനാവശ്യമായ എന്തൊക്കെ സംവിധാനങ്ങളാണ് ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | **ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ആലപ്പുഴ നഗരസഭ, ആര്യാട്, മണ്ണംചേരി, മാരാരിക്കുളം തെക്ക്, മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പോരായ്മ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും 2024-25 വർഷത്തിൽ ആയവയ്ക്കുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.**<br><br>അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന വഴി 100% ശേഖരിച്ച് ശാസ്ത്രീയ സംസ്കരണത്തിനായി അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് കമ്മ്യൂണിറ്റി തലത്തിൽ എയറോബിക്ക് കംപോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം പുരോഗമിച്ചു വരുന്നു.<br><br>വീടുകളിൽ ബയോബിൻ കംപോസ്റ്റ് ബിൻ എന്നിവ പൂർണ്ണമായും വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പാക്കി വരുന്നു.<br><br>സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും രൂപീകരിച്ചിട്ടുണ്ട്. ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് സ്വന്തം നിലയിൽ ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്നതിനും അംഗീകൃത ഏജൻസികൾ കൈമാറുന്നതിനുമുള്ള നടപടി സ്വീകരിച്ചു. മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്താൻ CCTV ക്യാമറകൾ സ്ഥാപിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | |
| (ബി) | ഹരിതമിത്രം ആപ്പ് ആലപ്പുഴ മണ്ഡലത്തിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും പ്രവർത്തനക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ഹരിതമിത്രം ആപ്പ് ആലപ്പുഴ നിയോജക മണ്ഡലത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കെൽട്രോൺ മുഖേന എൻട്രോൾമെൻറ് പൂർത്തിയാക്കിട്ടുള്ളതും നിലവിൽ ആപ്പ് മുഖേന സേവനങ്ങൾ നൽകി വരുന്നതുമാണ്. അജൈവമാലിന്യ ശേഖരണവും ശാസ്ത്രീയ സംസ്കരണത്തിനായി കൈമാറലും ആപ്പിലൂടെ 100% ഡിജിറ്റലായി മോണിറ്റർ ചെയ്യുക എന്ന ലക്ഷ്യത്തോടെ, ഡിജിറ്റലൈസേഷൻ പുരോഗതി നിത്യേന മോണിറ്റർ ചെയ്ത് വരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ സീറോ വേസ്റ്റ് വിനോദസഞ്ചാര കേന്ദ്രങ്ങൾ, ഹരിതകർമ്മ സേന ബ്രാൻഡിംഗ്, ഹരിത സംരംഭങ്ങൾ ആരംഭിക്കുക എന്നിവ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ? | (സി) | മണ്ഡലത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റി , അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ അമ്പലപുഴ ക്ഷേത്രം എന്നീ തെരഞ്ഞെടുത്ത വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ബോർഡുകൾ, സി സി ടി വി ക്യാമറകൾ, വേസ്റ്റ് കളക്ഷൻ ബിന്നുകൾ എന്നിവ സ്ഥാപിച്ചു. കൂടാതെ അമ്പലപുഴ ക്ഷേത്രത്തിൽ സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയിൽ GOBARDHAN ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം ആരംഭിച്ചു. ഹരിത കർമ്മ സേന ബ്രാൻഡിംഗിന്റെ ഭാഗമായി 124 പേർക്ക് പരിശീലനങ്ങൾ നൽകി. ഇതിനായി 2,50,851 രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ നാല് യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ആര്യാട് ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കാറ്ററിംഗ് യൂണിറ്റിൽ നിന്നും അധിക വരുമാനം ലഭിച്ചുവരുന്നതുമാണ്. ആര്യാട് പഞ്ചായത്ത് 1, മണ്ണഞ്ചേരി 1, മാരാരിക്കുളം നോർത്ത് 4, മാരാരിക്കുളം സൗത്ത് 4 എന്നിങ്ങനെ സ്വച്ഛതാ ഗ്രീൻ ലീഫ് റേറ്റിംഗിന് ഹോട്ടലുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻസ്പെക്ഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ